ഭരണഭാഷ-മാതൃഭാഷ


**പെരളശ്ശേരി ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 670622**
**GSTIN:32AAAGP0481M1ZA ഫോൺ നമ്പർ : 0497-2827425**
**peralasserygpsec@gmail.com**


**നമ്പർ: 4781649-2026** **തീയതി : 22-06-2026**

## *ഇ ടെണ്ടർ പരസ്യം*

പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയിട്ടുള്ള തെരുവ് വിളക്ക് എഎംസി പ്രൊജക്ട് നം 101/27 എന്ന പ്രവർത്തിയുടെ നിർവ്വഹണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

ദർഘാസ് ഫോറം ഓൺലൈനിൽ ലഭിക്കുന്ന തിയതി- 24/06/2026 വൈകുന്നേരം 3 മണി

ദർഘാസ് ഓൺലൈനിൽ സമർപ്പിക്കാനുള്ള അവസാന തിയതി - 09/07/2026 വൈകുന്നേരം 4 മണി വരെ

ദർഘാസ് തുറന്ന് പരിശോധിക്കുന്ന തിയതി - 10/07/2026 രാവിലെ 11 മണി

| ക്രമ നമ്പർ | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | മതിപ്പ് ചെലവ് | നിരത ദ്രവ്യം | ഫോറവില |
|---|---|---|---|---|---|
| 1 | 101/2027 | തെരുവ് വിളക്ക് റിപ്പയർ എ എം സി | 600000 | 30000 | 1200+GST |

1. തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്റ്റ് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളികൾക്ക് ഇലക്ട്രീഷ്യൻ ലൈസൻസും പ്രവർത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

2. കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനായി ഏതെങ്കിലും സ്വകാര്യ ഇൻഷുറൻസ് കമ്പനിയുമായി ധാരണയിൽ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷുറൻസ് രേഖ ഹാജരാക്കേണ്ടതുമാണ്.

3. എൽ ഇ ഡി ലൈറ്റുകൾക്ക് 18-35 വാട്ട്സോ അതിനോടനുബന്ധിച്ചിട്ടുള്ളതോ ആയ ഐ.എസ്.ഒ സർട്ടിഫൈഡ് മെറ്റീരിയൽ ഉപയോഗിക്കേണ്ടതാണ്.

4. നിരക്കുകൾ ക്വാട്ട് ചെയ്യുന്നത്, ബൾബ് ഇടുന്നതുൾപ്പെടെ ഒരു പോസ്റ്റിന് എത്ര രൂപ എന്ന നിരക്കിലാകണം. ഒരു പോസ്റ്റിൽ ആവശ്യമെങ്കിൽ 3 പ്രാവശ്യം വരെ മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടതുണ്ട്.

5. ദർഘാസുകൾ പ്രവർത്തിയുടെ പേര് ആലേഖനം ചെയ്ത മുദ്ര വെച്ച കവറിലാണ് സമർപ്പിക്കേണ്ടത്. ദർഘാസിനൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും 200/- രൂപയുടെ മുദ്ര പേപ്പറിൽ നിർദ്ദിഷ്ട രൂപത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രാഥമിക കരാര് ഉടമ്പടിയും ലൈസൻസിന്റെ

സാക്ഷ്യപ്പെടുത്തിയ പകർപ്പും അടക്കം ചെയ്തിരിക്കണം. അല്ലാത്ത പക്ഷം ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

6. പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്ന വ്യക്തി പ്രസ്തുത പ്രവൃത്തിയ്ക്ക് 10 % സെക്യൂരിറ്റി ഡെപോസിറ്റ് തുക അടവാക്കേണ്ടതാണ്.

അപൂർണമായതോ നിരക്കുകൾ വ്യക്തമായി രേഖപ്പെടുത്താത്തതോ ആയ ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ ദർഘാസുകൾ താൽക്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി അന്തിമമായി ഉറപ്പിക്കുന്നതുമാണ്. ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുവാനുള്ള അവകാശം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. ദർഘാസ് സംബന്ധമായി ജിഎസ്ടി ഉൾപ്പെടെ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും. ദർഘാസ് സ്വീകരിക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ദർഘാസ് നടപടികൾ നടത്തുന്നതാണ്. പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ പഞ്ചായത്തോഫീസിൽ നിന്നും അറിയാവുന്നതാണ്.

Signature Not Verified
Digitally signed by BINTI LAKSHMAN
Date: 2026.06.22 17:06:07 IST
Reason: KSMART

സെക്രട്ടറി